"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി- ഏലം കൃഷി ഇൻഷ്വർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1117/2024/AGRI തീയതി,തിരുവനന്തപുരം, 28-11-2024

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 37/2017/കൃഷി തീയതി 22.03.2017.
2. സ.ഉ (സാധാ) നം. 1066/2017/കൃഷി തീയതി 27.10.2017.
3. സ.ഉ (എം.എസ്) നം. 1192/2017/കൃഷി തീയതി 13.12.2017.
4. സ.ഉ (എം.എസ്) നം. 167/2017/കൃഷി തീയതി 28.12.2017.
5. സ.ഉ (എം.എസ്) നം. 119/2018/കൃഷി തീയതി 26.09.2018.
6. സ.ഉ (സാധാ) നം. 1198/2018/കൃഷി തീയതി 12.12.2018.
7. സ.ഉ (സാധാ) നം. 360/2022/കൃഷി തീയതി 27.04.2022.
8. സ.ഉ (എം.എസ്) നം. 80/2022/കൃഷി തീയതി 24.09.2022.
9. 2.10.2023, 25.03.2024 തീയതികളിലെ ADFW/10767/2023-TR2 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം 2 മുതൽ 8 വരെയുള്ള ഉത്തരവുകൾ പ്രകാരം പദ്ധതി മാനദണ്ഡങ്ങളിൽ കൂട്ടിച്ചേർക്കലുകൾ/ഭേദഗതികൾ വരുത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി വരുത്തി കൂടുതൽ വിളകൾ ഉൾപ്പെടുത്തുന്നതിനും നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുമായി പരാമർശം 9 പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ക്രോഡീകരിച്ച പ്രപ്പോസലുകളിൽ, ഏലം കൃഷി ഇൻഷ്വർ ചെയ്യാനുള്ള കുറഞ്ഞ സ്ഥല വിസ്തൃതി ഒരു ഹെക്ടർ എന്നുള്ളത് കൂടുതൽ കർഷകരെ പദ്ധതിയുടെ കീഴിൽ

കൊണ്ടു വരുന്നതിന് തടസ്സം സൃഷ്ടിയ്ക്കുന്നതിനാൽ ടി കുറഞ്ഞ വിസ്തൃതി പരിധി കുറയ്ക്കണമെന്ന് അഭ്യർഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ഏലം കൃഷി ഇൻഷ്വർ ചെയ്യുന്നതിനുള്ള കുറഞ്ഞ സ്ഥല വിസ്തൃതി ഒരു ഹെക്ടർ ആയി നിശ്ചയിച്ചിരിക്കുന്നത് കൂടുതൽ കർഷകരെ വിള ഇൻഷുറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടു വരുന്നതിന് തടസ്സം സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ പദ്ധതി പ്രകാരം ഏലം വിള ഇൻഷ്വർ ചെയ്യുന്നതിനുള്ള കുറഞ്ഞ വിസ്തൃതി 1 ഹെക്ടർ കൃഷി സ്ഥലം എന്നത് 0.4 ഹെക്ടർ (100 സെൻറ്) ആക്കി കുറച്ച് പരാമർശം 1 -ലെ സർക്കാർ ഉത്തരവിൽ ചുവടെ ചേർക്കുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

| വിള | ഇൻഷ്വർ ചെയ്യാൻ വേണ്ട കുറഞ്ഞ വിസ്തീർണ്ണം | വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം | അടയ്ക്കേണ്ട പ്രീമിയം | നഷ്ടപരിഹാര തോത് |
|---|---|---|---|---|
| ഏലം | 0.4 ഹെക്ടർ | കായ് ഫലമുള്ളത് | 1 വർഷത്തേക്ക് 0.4 ഹെക്ടറിന് 600 രൂപ.<br><br>3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 1500/- രൂപ. | 0.4 ഹെക്ടറിന് 24,000/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( 16.11.2023 തീയതിയിലെ 2575270/Agri -B1/392/2023-Fin പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി (AGRI-AG3/138/2023-AGRI).

ഉത്തരവിൻ പ്രകാരം

Signed by

Vineesh Kumar G

Date: 28-11-2024 15:34:56

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

കാർഷികോത്പാദന കമ്മീഷണറുടെ പി.എയ്ക്ക്